# NETAJI
# HIGHER SECONDARY SCHOOL

PRAMADOM , PATHANAMTHITTA - 689 645




# " വജ്രം 2024 "

A LITTLE KITES INITIATIVE

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

little KITEs

# പാവന സ്മരാഞ്ജലികൾ



## Shri. Acklethu M Chellappan Pillai Sir



## Shri. B Rajappan Pillai Sir



**മാനേജർ -ശ്രീ. ബി. രവീന്ദ്രൻ പിള്ള**





**പ്രിൻസിപ്പൽ : അശ്വതി പി കെ**

**ഹെഡ്മിസ്ട്രസ് : ശ്രീലത സി**

# EDITORIAL BOARD


## Chief Editors :

> Sreelatha C ( Headmistress )
> Fr Jacob Dainel ( SITC )
> Mrs. Jolly K Johny
> Mrs. Anitha Kumari

## Student Editors :

> Abel Reni
> Vismaya V
> Niranjana S
> Vaishnav B Nair
> Abhiraj S

Mrs. Sreelatha C
Headmistress



# From the Headmistress Desk

We are very happy in introducing our Annual digital magazine 'വ്രജം 2024' in the academic year 2024-25. I wish all the success to the makers of this magazine. As a leading school in arts, sports, science , information technology and academics in our country, I wish this magazine will encourage our students in finding and developing their talents. All the best wishes to the magazine and the entire Little Kites team who worked for the making of it.

Mrs. Aswathy P K
Principal



# From the Principal Desk

I am very happy in understanding that our school is publishing the annual magazine “വജ്രം 2024” 2024 - 25 under the leadership of Little Kites Club. I hope that this magazine will become a platform for our wards to develop their skills. All the best wishes to all.

Editorial board,
Little Kites team

# Editorial

We are very happy in introducing our new annual school magazine 'വജ്രം 2024' in the academic year 2024-25. We believe that schools are the places where character is developed. Discipline and humanity are the essentials which a student must have as they are our future and tomorrow is their world.

All children have their own talents. Finding and encouraging them are the duties of elders. We hope that this magazine would become a platform that helps students in finding and developing their talents.

## Wishing all the success...

little KITEs

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# 2022 - 25

# LITTLE KITES



# OUR KITES TEAM

# 2021 - 24



# 2023 - 26



# TABLE OF CONTENTS


11 - 30 LITERATURE

31 - 42 DRAWINGS

23 -58 KEY BENIFITS



# LITERATURE

# മാണിക്യ രത്നങ്ങൾ

ഭൂമി ഉണ്ടായ സമയം നാം കാണുന്ന രാജ്യങ്ങളെല്ലാം ഒന്നായിരുന്നു.ആ കാലം ദൈവവും ഉണ്ടായിരുന്നു.അന്ന് ഈ ലോകത്ത് ജീവിച്ചിരുന്ന ഒരു ശക്തി ശാലിയായ അസുരൻ ഉണ്ടായിരുന്നു, ആ അസുരൻ മഹാദേവനെയും വിഷ്ണുവിനെയും കഠിന തപസ് ചെയ്തു. ദൈവങ്ങളുടെ ഭാഗത്തുനിന്ന് ആ അസുരന് വരം ലഭിച്ചു. വരം ഇപ്രകാരമായിരുന്നു, "ഈ ലോകത്ത് ആർക്കും ഇല്ലാത്ത ശക്തിയും കഴിവും എല്ലാം ഒരു മാണിക്യത്തിൽ തനിക്ക് കിട്ടണം ഒപ്പം തന്റെ പരമ്പരക്കും അത് കൈമാറി കിട്ടണം." ആ അത്ഭുത മാണിക്യം കയ്യിൽ കിട്ടിയതിനുശേഷം അഹങ്കാരം മത്തുപിടിച്ച് അസുരന്റെ സ്വഭാവത്തിൽ മാറ്റമുണ്ടായി. ഭൂമി നശിപ്പിക്കാനും തുടങ്ങി..ഇത് കണ്ട ത്രിമൂർത്തികൾ അസുരനെ തളച്ചിട്ട് അവന്റെ ശക്തി എല്ലാം ഒന്നിന് പകരം പല മാണിക്യങ്ങളിലാക്കി ഭൂമിയിലേക്ക് എറിഞ്ഞു.ഒപ്പം അവനെ കൊല്ലാതെ വെറുതെ വിടുകയും ചെയ്തു.ഈ അസുരൻ വീണ്ടും വേറൊരു രൂപത്തിൽ ബ്രഹ്മാവിനെ തപസ് ചെയ്തു."എനിക്ക് ഒരിക്കലും മരണം കാണരുത്,ഞാൻ ഭൂമിയിൽ തന്നെ തിരിച്ചു പോകണം." എന്നായിരുന്നു വരം ചോദിച്ചത്.വർഷങ്ങൾക്കുശേഷം ഈ അസുരൻ ആ മാണിക്യങ്ങളെ തിരികെ തേടുകയാണ് എന്ന് മനസ്സിലാക്കിയ ദൈവങ്ങൾ ഓരോ മനുഷ്യർക്കും ശക്തി കൊടുത്തു. ഇത് 2024, ശിവ എന്ന് പേരുള്ള ഒരു സൈന്റിസ്റ്റ്.. തന്റെ മുത്തശ്ശൻ വലിയൊരു സൈന്റിസ്റ്റ് ആയിരുന്നു. മുത്തശ്ശന്റെ ലാബിലുള്ള മാണിക്യ രത്നങ്ങളുടെ കഥ അവൻ ഏറെ കേട്ടിട്ടുണ്ട്. ആ രത്നങ്ങളെ സംരക്ഷിക്കാൻ അവൻ തീരുമാനമെടുത്തു.ഒറ്റയ്ക്കിരിപ്പായതുകൊണ്ട് ശിവയും തന്റെ കൂട്ടുകാരിയായ പാറുവും മാണിക്യങ്ങളെ പറ്റി ചർച്ച ചെയ്തുകൊണ്ടിരുന്നു.അവരറിയാതെ കാലങ്ങളായി മാണിക്യം തിരഞ്ഞു നടന്ന അസുരൻ ഇത് കേൾക്കാൻ ഇടയായി..അവരുടെ ലാബിന്റെ അടുത്ത് ഒരു പഴയ കെട്ടിടം ഉണ്ടായിരുന്നു, വെറുതെയിരുന്ന് മുഷിയുന്നു എന്ന കാരണത്താൽ അവിടേക്ക് പോകാൻ ശിവയും പാറുവും തീരുമാനിച്ചു.. കെട്ടിടത്തിനുള്ളിൽ കൂരിരുട്ടും അതിനോടൊപ്പം വളരെ നിശബ്ദവും ആയിരുന്നു.കേറി ചെല്ലുകയും ശിവയും പാറും ഞെട്ടി..തങ്ങളുടെ കൂട്ടുകാരിയായ മീരയെ അസുരൻ തട്ടിക്കൊണ്ടുവന്നിരിക്കുന്നു!

ലാബ് പൊളിച്ച് അതിൽ നിന്നും മാണിക്യരത്നങ്ങൾ അസുരൻ കരസ്ഥമാക്കിയിരുന്നു.അതിനിടയിൽ തടയാൻ ശ്രമിച്ച മീരയെ അസുരൻ തട്ടിക്കൊണ്ടുവന്നു. അസുരൻ ശിവയേയും പാറുവിനേയും കാണാനിടയായി. മീര അവരോട് രക്ഷപ്പെട്ടു പോകുവാൻ പറഞ്ഞു അവർ കേട്ടില്ല..തങ്ങൾ മരണത്തിനു മുന്നിൽ എത്തി എന്ന് ഉറപ്പായിട്ടും സൗഹൃദബന്ധം പിരിയാൻ അവർക്ക് സാധിച്ചില്ല. എന്ത് ചെയ്യണമെന്ന് അറിയാത്ത അവസരത്തിൽ പെട്ടെന്ന് കാറ്റും ആകാശത്തുനിന്ന് പ്രകാശവും വന്നു.അത് വളരെ ഭയാനകമായിരുന്നു.ആകാശത്തു നിന്ന് ഒരു പ്രകാശം ഭൂമിയിലേക്ക് പതിച്ചു. കടലിലെ വെള്ളം കയറിത്തുടങ്ങി..ഭൂമി കുലുങ്ങാൻ തുടങ്ങി..എല്ലാം ഒരുമിച്ച് നേരിടും എന്ന് കരുതി ശിവയും കൂട്ടുകാരും കണ്ണുകൾ അടച്ച് ദൈവത്തെ മനസ്സിൽ ധ്യാനിച്ചു നിന്നു.പെട്ടെന്നൊരു ഇതിഹാസം സംഭവിച്ചു..ഇതെല്ലാം നിശ്ചലമായി! അസുരനെ കൊല്ലാൻ സാക്ഷാൽ ദൈവങ്ങൾ വന്നിറങ്ങി. ഭഗവാൻ ശ്രീവിഷ്ണു ശിവയോടു പറഞ്ഞു "വേഗം പോയി ആ മാണിക്യം എടുക്കുക അല്ലെങ്കിൽ അത് ആപത്താണ്.." അവർ ഓടിപ്പോയി മാണിക്യം എടുത്തു.പക്ഷേ ഒരു മാണിക്യം എടുക്കാൻ സാധിച്ചില്ല.അത് അസുരന്റെ കയ്യിൽ പെട്ടു. പെട്ടെന്ന് തന്നെ മഹാവിഷ്ണു അസുരനെ വധിക്കുകയുണ്ടായി.എന്നാലാ യുദ്ധത്തിനിടയിൽ ശിവയും പാറുവും മരിക്കാൻ ഇടയായി..അവരെ മഹാവിഷ്ണു സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോയി ഒപ്പം മാണിക്യങ്ങളും..അടുത്തവർഷം ഒരു ജനുവരി മാസം, കൂട്ടുകാരുടെ ശവക്കല്ലറയുടെ അടുത്ത് വന്ന് മീര പ്രാർത്ഥിച്ചു നിന്നു..



GANGA AJAYAKUMAR
9 D

# പൂമ്പാറ്റ

പുള്ളിപ്പുള്ളി കുപ്പായം
തുന്നിയതാരാ പൂമ്പാറ്റേ?
നിന്നുടെ കൂടെ പോന്നോട്ടെ
എത്ര പൂവിന് തേനുണ്ണും നീ ?

എത്ര നാടിൻ കഥയറിയാം ?
നൃത്തം വെച്ച് പറക്കും നിന്നുടെ
വൃത്തിയെനിക്ക് പകർന്നാലും
വർണ്ണച്ചിറക്കുകൾ വീശിപ്പാറും

നിന്നുടെ നിർത്തതമെന്നു രസം?
കൂടെ വരട്ടെ പൂമ്പാറ്റയെൻ
കൂട്ടായ് നീയും ചേരില്ലേ !



DIYA MOL DS
5 C

# പ്രതീക്ഷയുടെ കാത്തിരിപ്പ്

മാനത്തുദിക്കുന്ന സൂര്യന്റെ
രഷ്മികൾ നിന്നെ തലോടി നിന്നു
രാവിന്റെ തോഴനാം പൊന്നമ്പിളി നിന്നിൽ
പ്രതിഭലിച്ചു

കാറ്റിന്റെ ഇളം തണുപ്പിൽ നീ കുളിർ കോരി
ചുട്ടുപൊള്ളുന്ന വെയിലിൽ എങ്ങോ
മാഞ്ഞു പോയി

വജ്രകല്ലിനു സാമ്യമാം
നിൻ ജലത്തിന്റെ തെളിമ ഇന്ന് എവിടെ

മണ്ണിട്ടു മുടി നിന്നെ സംസ്കരിച്ച്
ഈ മണ്ണിൽ പണ്ടിതുയർത്തി
ഉത്തുംഗ ഗോപുരങ്ങൾ

ഗോപുരടിത്തട്ടിൻ കിഴെ
നിൻ വിലാപം ഞാൻ
എൻകിനാവിൽ  കണ്ടു

ഇനിയും നിൻ പഴയ
ശോഭക്കായി ഈ
പുയുടെ തീരത്ത്
പ്രതീക്ഷയോടെ കാത്തു നിന്നു ഞാൻ



SREYA SAJI
7 B

# സ്വാതന്ത്ര്യ പക്ഷിയുടെ കരച്ചിലീന്റെ താളം

ഒരിടത്ത് ഒരു കുഞ്ഞി കുരുവി ഉണ്ടായിരുന്നു. അതിന് വളരെ ഭംഗിയുള്ള തൂവലുകൾ ആയിരുന്നതുകൊണ്ട് വേട്ടക്കാർ പിടിക്കാൻ നോക്കിയിരുന്നു. അങ്ങനെ കേശവൻ എന്ന വേട്ടക്കാരൻ ആ കുരുവിയെ പിടിച്ചു കൂട്ടിലിട്ടു. കുരുവി ആലോചിച്ചു ദൈവമേ മനുഷ്യരും ഇതുപോലെയൊക്കെ ബ്രിട്ടീഷകരെ കൊണ്ട് ആ അവസ്ഥ ഈ തലമുറക്ക് എന്താ വരുത്താനെ എത്രയോ മഹാത്മാരാണ് നമ്മുടെ ഈ നാടിനെ രക്ഷിച്ചത്. അതിലെ അറിയപ്പെടുന്ന ഒരേയൊരു രക്ഷകനായിരുന്നു ഗാന്ധിജി കുട്ടികൾ സ്നേഹത്തോടെ ബാബുജി എന്ന് വിളിക്കും. സ്വന്തം രാജ്യത്തിനുവേണ്ടി സ്വന്തം ജീവൻ ബലിയർപ്പിച്ചു ഇനിയും രാഷ്ട്രപിതാവിന്റെ സ്ഥാനത്ത് മറ്റൊരാൾ വരണം എങ്കിൽ വളരെ കഷ്ടമാണ് എന്റെ അമ്മ എന്തു ചെയ്യുകയായിരിക്കും. ഇനിയും ജീവിതാവസാനം വരെ ഇവിടെ തന്നെ.അങ്ങനെ കുറെ നാളുകൾ കഴിഞ്ഞു കുരുവി കൂട്ടിൽ തന്നെ അങ്ങനെ അവസാനം അതിന്റെ അമ്മ അവിടേക്ക് വന്നു. ആ കുരുവി വളരെ ദുഃഖത്തോടെ ചോദിച്ചു അമ്മയെ എത്ര നാളായി കണ്ടിട്ട് നീ എങ്ങനെയാണ് ഇവിടെ വന്നത് അതൊരു വലിയ കഥയാണ്. നീ വല്ലതും കഴിച്ചോ എനിക്കിഷ്ടപ്പെട്ട ഭക്ഷണം ഒന്നും ഇവിടെ ഇല്ല ഞാൻ നിനക്ക് കൊണ്ട് തരാം അമ്മ കുരുവി ഭക്ഷണം എടുത്തു കൊണ്ട് വന്ന് കൂടിന്റെ കമ്പിയുടെ ഇടയിലൂടെ ചുണ്ടിലേക്ക് വെച്ചുകൊടുത്തു.

അങ്ങനെ എന്നും ദിവസം വേട്ടക്കാരൻ ഇത് കാണാനിടയായി അയാൾ അത് വലിയ കാര്യം ആക്കിയില്ല പിന്നെ എല്ലാ ദിവസവും പതിവായി അങ്ങനെ വേട്ടക്കാരൻ അത് ആ കുരുവിയുടെ അമ്മയാണെന്ന് മനസ്സിലാക്കി വേട്ടക്കാരന്റെ അമ്മയെ കുറെ ക്രൂര മനുഷ്യർ വന്ന് എങ്ങോട്ട് കൊണ്ടുപോയി അതുകൊണ്ട് അയാൾക്ക് വളരെ സഹതാപം



തോന്നിയാൽ കുരുവിയെ തുറന്നു വിട്ടു അതും അതിന്റെ അമ്മയും സന്തോഷമായി കറങ്ങി നടന്നു കണ്ണിൽ നിന്നും വെള്ളം വന്നു കുഞ്ഞി കുരുവിക്ക് സങ്കടമായി അത് അമ്മയോട് പറഞ്ഞു ഞാൻ എന്തു ചെയ്യും അമ്മ പറഞ്ഞു എല്ലാദിവസവും രാത്രി നീ ആ വേട്ടക്കാരൻ ജനാലയിൽ ചെന്നിരുന്ന് പാട്ട് പാടി കൊടുക്ക് ശരി അമ്മ രാത്രിയായി കേട്ടോ അങ്ങനെ രാത്രിയിൽ ആ കുരുവി ചെന്ന് പാടിക്കൊടുത്തു പിന്നെ എന്നും അത് പതിവായി വേട്ടക്കാരൻ ആ കുരുവി വന്നു പാടുന്നതും അറിഞ്ഞു വേട്ടക്കാരൻ സന്തോഷമായി അവർ രണ്ടുപേരും സുഹൃത്തുക്കളായി അതിന്റെ കുഞ്ഞിന്റെ നല്ല മനസ്സ് കണ്ട് അമ്മ വളരെ സന്തോഷിച്ചു..

DEVIKA
5 B

# ജീവതം

ഓരോ ഇലകളും കൊഴിഞ്ഞുവീണു സ്വപ്നങ്ങൾ
അടർന്നുവീണു ഉറക്കം തൂങ്ങുന്നു കണ്ണുകൾ
തേടിയലയുന്ന സ്നേഹോഷണങ്ങൾ രാത്രിയുടെ
ഇതളുകളിൽ ചിമ്മുവാൻ ഒരു നക്ഷത്രവുമില്ല മുറ്റത്തെ
പകലും നിഴലാകാൻ ഒരു കൂട്ടുകാരിയുമില്ല മുകളിൽ
നിന്നും വീശുന്നൊരു ഭ്രാന്തൻ കാറ്റ് ആർത്തലച്ചു
പെയ്യുന്ന മഴവെള്ളം ഒഴുക്കി  ചില്ലു കൊട്ടാരം
കണ്ണുകളിൽ തെളിയുന്ന ഓരോ വെളിച്ചവും ഒരു
സ്വപ്നമായി ഒടുങ്ങി തീർന്നു ചായം തേച്ച ചുമരുകളിൽ
തൂങ്ങിയാടുന്ന ചുമർ ചിത്രങ്ങളിൽ പോയി പോയ കാലം
തേങ്ങ കരയുന്നു മനസ്സിൽ സ്വാന്തനം നൽകാം നാല്
ദിവസത്തെ ജീവിതം കളവിന്റെ മച്ചിലേറി ആരും
ജീവിച്ചിടും...



DEVIKA
5 B

# രാവിൻ നിലാവ്

ആരും കാണാതെ മറയും നിലാവേ
നിന്നെ എനിക്ക് എന്ന് ഇഷ്ടമാണന്നോ
എന്നും എൻ മുറ്റത്ത് പൂത്തു നിൽക്കുന്ന മുല്ലപോലെ
നീതിളങ്ങുകയല്ലേ


കറുത്ത പുസ്ഥകത്താളിൽ നീ വെളുത്ത മുല്ലമൊട്ടായ
ഇരിക്കയല്ലേ
നിലാവിനു കാവലായ് നക്ഷത്ര കൂട്ടങ്ങൾ മിന്നി തിളങ്ങി
കളിക്കയല്ലോ
ആരും കാണാതെ മറയും നിലാവെ നിന്നെ എനിക്ക്
എന്ത്
ഇഷ്ടമാണന്നോ...........



VYGA MOHAN
7 A

# മരു ഭൂമിയുടെ താഴ്വരയിൽ

പണ്ട് പണ്ട് മരുഭുമിയായിരുന്ന പ്രദേശത്ത് ഒരു തുള്ളി വെള്ളം പോലും കിട്ടിയില്ല . പട്ടണത്തിൽ നിന്നും വെള്ളം കൊണ്ടുവരേണ്ട അവസ്ഥയാരുന്നു .അവിടെ ഒരു കുറുമ്പി കുട്ടിയാരുന്നു . അവളുടെ പേര് ചിന്നു അവളുടെ 'അമ്മ കിടപ്പിൽ ആണ് അത്കൊണ്ട് അവൾ ആണ് പട്ടണത്തിൽ നിന്നും വെള്ളം സമാഹരിച്ചു കൊണ്ടു വരുന്നത് . ഒരു ദിവസം അവൾ വെള്ളം എടുക്കാൻ പോയപ്പോൾ ഒരു ചെറിയ കൊന്ന മാറ്റത്തിൻറെ തൈ അതും എടുത്തു കൊണ്ട് അവൾ ഗ്രാമത്തിലേക്ക് പോയി പിന്നെ അവരുടെ കുടിലിൻറെ കിഴക്ക് ഭാഗത്തായി അത് നാട്ടു .സൂര്യന്റെ പ്രകാശം അധികം വർധിച്ചു അതിനാൽ അത് ഉണങ്ങാൻ ഇടയായി പക്ഷെ അവൾ സമ്മധിച്ചില്ല . അത്രയും കഷ്ട്ട പാടിനിടയിലും അവൾ അതിനു വെള്ളം കൊടുത്തു .അത് വളർന്ന് വളർന്ന് വലുതായി അതിന്റെ കായികൾ പൊട്ടിത്തെറിച്ചു .ചെറിയ തൈകൾ പിന്നയും ഉണ്ടായി അങ്ങനെ അങ്ങനെ മരുഭുമിയായഗ്രാമത്തെ പച്ചപ്പാക്കിയ പെൺകുട്ടിയാണ് ചിന്നു.



DEVIKA
5 B

# കൂട്ടിലിട്ട പക്ഷി

പുറംലോകം എന്തെന്നറിയാൻ കൊതിക്കുന്ന,
കാടും,പൂക്കളും സുഗന്ധവും നിറഞ്ഞു നിൽക്കുമീ
ശീതക്കാറ്റിലെ നറുമണം ഏറ്റു- വാങ്ങിയീനല്ല
ഭൂമിയിൽ,
ആടിപ്പാടിപ്പാടി നടക്കുവാൻ
വിട്ടയക്കുമോ എന്നെ
ഈ ബന്ധന കൂട്ടിൽ നിന്ന്.
കൊച്ചുപക്ഷിയാം എന്നെ
തുച്ഛമാമീപുലർ വെളിച്ചത്തിൽ,
വിട്ടയക്കാമോ ഈ ബന്ധന കൂട്ടിൽനിന്ന്.
ഞാൻ ഒട്ടുവാനിൽ പറന്നുനടക്കട്ടെ,
ആരറിയുന്നില്ലൻ രോദനത്തെ
ഈ ചുറ്റഴികൾ പോലുമറിയുന്നില്ലല്ലോ.



SHIVAPRIYA G S
9 C

# കാശിക്കുപോയ കൂട്ടുകാർ

ഒരിക്കൽ ഒരു കാട്ടിൽ ഒരു കുറുക്കൻ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുകയായിരുന്നു.അപ്പോൾ അല്പം അകലെ ഒരു മരത്തിന്റെ ചുവട്ടിൽ ഒരു ആമയും കഴുതയും മുള്ളൻ പന്നിയും എന്തൊക്കെയോ സംസാരിച്ചുകൊണ്ടിരിക്കുന്നതായി കുറുക്കന്റെ ശ്രദ്ധയിൽപ്പെട്ടു.കുറുക്കൻ എന്താണ് അവർ അവിടെ ചെയ്യുന്നത് ഒന്ന് അറിയാം എന്ന് കരുതി പതുക്കെ അവിടേക്ക് പോയി.

എന്താണ് സുഹൃത്തുക്കളെ ഇവിടെ ഒന്നിച്ചു കൂടിയിരിക്കുന്നത്. എന്തെങ്കിലും വിശേഷം ഉണ്ടോ?എനിക്ക് ബോറടികാരണം ഞാൻ നടക്കാൻ ഇറങ്ങിയതാണ്.

കുറച്ച് സമയത്തിനുശേഷം അവർ കൂട്ടുകാരായി. അപ്പോൾ കുറുക്കൻ ഒരു ബുദ്ധി തോന്നി നമുക്കെല്ലാം കൂടി ഒരു ടൂർ പോയാലോ? ഒരു ടൈംപാസ് ആകുമല്ലോ?

ആമ പറഞ്ഞു അയ്യോ എനിക്ക് നിങ്ങളുടെ ഒപ്പം നടക്കാൻ പറ്റിയെന്ന് വരില്ലല്ലോ.അപ്പോൾ കഴുത പറയുകയാണ് ഞാനില്ലേ കൂടെ എന്റെ ജോലി ഭാരം ചുമക്കൽ അല്ലേ?ബുദ്ധിക്ക് അല്ലേ കുറവുള്ളൂ.
ആമ പൊങ്ങച്ചം പറയാൻ തുടങ്ങി. ആമ പറയുകയാണ് എനിക്ക് നടക്കാൻ മാത്രമേ താമസമുള്ളൂ ഓട്ടത്തിൽ എന്നെ ജയിക്കാൻ വേറെ ആരും ഇല്ല .മുയലും ഞാനും കൂടി ഓട്ടമത്സരം നടത്തി ഒടുവിൽ ജയിച്ചത് ഞാനാണ്. അറിയാമോ?ഇതെല്ലാം കേട്ടുകൊണ്ടിരുന്ന കുറുക്കൻ പറഞ്ഞു ശരി എങ്കിൽ നമുക്ക് നാളെ രാവിലെ തന്നെ പുറപ്പെടണം.എല്ലാവരും തയ്യാറാണോ?


എല്ലാവരും കാശിക്ക് പോകാൻ തയ്യാറായി.രാവിലെ തന്നെ പുറപ്പെട്ടു.വിചാരിച്ച സമയത്ത് അവർക്ക് ചെന്ന് എത്താൻ കഴിയാതെ വന്നു.സമയം വളരെ വൈകി.ഇനിയും യാത്ര തുടരുന്നത് അപകടകരമാണ് എന്ന് കുറുക്കൻ പറഞ്ഞു.അങ്ങനെയെങ്കിൽ നമുക്ക് ഇവിടെ എവിടെയെങ്കിലും തങ്ങാം വീണ്ടും രാവിലെ പുറപ്പെടാം എന്ന് എല്ലാവരും തീരുമാനിച്ചു.

COUNTINUE...

കുറച്ച് അകലെയായി അവർ ഒരു ഗുഹ കണ്ടു. ഇവിടെ നമുക്ക് തങ്ങാം എന്ന് അവർ തീരുമാനിച്ചു. കുറുക്കൻ അല്ലാതെ മറ്റെല്ലാവർക്കും പേടി തോന്നി. അവർ പറഞ്ഞു ഇത് ഏതെങ്കിലും കാട്ടുമൃഗങ്ങളുടേതാണ്. രാത്രി അവർ എത്തിയാലോ .പരസ്പരം പറഞ്ഞു.അവർ ഗുഹയിൽ കയറി. വാതിൽ അടച്ചു .രാത്രി വൈകിയപ്പോൾ ഒരു കാലൊച്ച കേൾക്കുന്നു. പുറത്തുനിന്ന് ഒരു ശബ്ദം എല്ലാവരും ഞെട്ടിപ്പോയി.പെട്ടെന്ന് ഒരു ചോദ്യം അകത്താര് ......?
വീണ്ടും അതേ ശബ്ദം അകത്താര് ......?

പെട്ടെന്ന് കുറുക്കൻ ആമയെ എടുത്ത് പുറത്തേക്ക് ഇട്ടുകൊടുത്തു.അതുകൂടി കണ്ട് ഭയന്ന് വിറച്ച കടുവാ വീണ്ടും പറഞ്ഞു കിടുവായുടെ ശബ്ദം ഒന്നു കേൾക്കട്ടെ?കുറുക്കൻ കഴുതയുടെ മൂക്കിൽ മുള്ളൻ പന്നിയുടെ ഒരു മുള്ളെടുത്ത് ഒരു കുത്ത് കുത്തി.വേദന കൊണ്ട് കഴുത ഉച്ചത്തിൽ അലറി.അലർച്ച കൂടി കേട്ടപ്പോൾ കടുവ ഏതായാലും കിടുവാ മോശമല്ല എന്ന് കരുതി ജീവനും കൊണ്ട് ഓടി.അങ്ങനെ കൂട്ടുകാർ നാലുപേരും ഗുഹയിൽ സുഖമായി ഉറങ്ങി.....

പെട്ടെന്ന് കുറുക്കൻ തിരിച്ച് ഗുഹയിൽ ഇരുന്നുകൊണ്ട് അതേ ചോദ്യം ചോദിച്ചു .പുറത്താര് ......?
പുറത്തുനിന്ന് കടുവ ഉച്ചത്തിൽ പറഞ്ഞു പുറത്ത് കടുവ....അകത്തുനിന്നും കുറുക്കൻ ഉറക്കെ വിളിച്ചുപറഞ്ഞു പുറത്ത് കടുവയാണെങ്കിൽ അകത്ത് കിടുവാ ...
വെളിയിൽനിന്ന് കടുവ സംശയത്തോടെ ചോദിച്ചു കിടുവയോ അതെന്താണ്.എനിക്ക് വിശ്വാസം വരണമെങ്കിൽ നിന്റെ ശരീരത്തെ ഒരു രോമം വെളിയിലോട്ട് ഇടൂ.പെട്ടെന്ന് മുള്ളൻ പന്നിയുടെ ശരീരത്തെ ഒരു മുള്ള് എടുത്ത് വെളിയിലേക്ക് ഇട്ടു.ഇത് കണ്ട് ഭയന്ന് കടുവ പറഞ്ഞു ഇത്രയും വലിയ രോമമുണ്ടെങ്കിൽ അതിലെ ഒരു പേനിനെ ഇങ്ങോട്ട് ഇട്.



SHIVAPRIYA G S
9 C

# ജൂണിലെ മഴ

ചേമ്പില ചൂടി പള്ളിക്കുടത്തിലേക്കും, സ്ലേറ്റ് ചൂടി വീട്ടിലേക്കും ഓടിയ കുട്ടിക്കാലം ഓർമ്മയാകുന്നു.. കാലവർഷം ഇതാ ന്യൂനമർദ്ദനത്തെയും കാത്തിരിക്കുന്നു.. പണ്ടൊക്കെ എത്ര മഴ പെയ്താലും പ്രളയം ഒന്നുമേ ഇല്ലായിരുന്നു.. ഇപ്പോഴിതാ മഴയൊന്ന് പൊഴിഞ്ഞാൽ തന്നെ ഉരുൾപൊട്ടൽ തുടങ്ങിയവ ഉണ്ടാകുന്നു..



DEVAPRIYA V
9 D

# NIGHT

How beautiful is the sky
Looks in the night,
The glowing stars and
Brightest moon gives us light
In the darker night,
Sometimes the darkest sky
Gives us terrified felling
And sometimes it gives us
Nostalgic memories




The sweetest sound of the birds,
The breeze comes through my opened
Window, the silence in the night,
All gives me a deep sleep,
I'm dreaming that I'm flying through this
Wide sky
The stars, the moon,
The wind ,The birds all are my friends
But this beautiful dream didn't last long
It ends when the morning rays wakes me up

NIRANJANA
9 C

# പൂവ്

ഒരിടത്തൊരിടത്ത് ഒരു പാവം പൂവ് ഉണ്ടായിരുന്നു. ആ പൂവ് ദൈവമില്ല എന്ന് വിശ്വസിച്ചിരുന്നു. ഒരു ദിവസം അതിനുമേൽ അതിശക്തമായ ചൂട് വെയിൽ അടിച്ചു. ആ പൂവ് പൊഴിയാറായി വന്നു.പാവം പൂവ് മഴയ്ക്കുവേണ്ടി കാത്തു നിന്നു..അപ്പോൾ അവിടെ ഒരു പാവം ചിന്നൻ എന്ന പട്ടി വന്നു. "ചിന്നാ വളരെ ചൂട്, ഞാൻ കൊഴിഞ്ഞു പോകും..എന്ത് ചെയ്യും" പൂവ് ചോദിച്ചു. "നീ ദൈവത്തോട് പ്രാർത്ഥിക്ക്" ചിന്നൻ പറഞ്ഞു. "അതിന് ദൈവം ശരിക്കുമുണ്ടോ" പൂവ് ചോദിച്ചു. "പിന്നെ..ആരു പറഞ്ഞു ഇല്ല എന്ന്,നീ പ്രാർത്ഥിച്ചു നോക്ക്" ചിന്നൻ പറഞ്ഞു. പൂവ് മനസ്സറിഞ്ഞ് പ്രാർത്ഥിക്കാൻ തുടങ്ങി. അപ്പോൾ ചൂടു മാറി നല്ല പൂമഴ പെയ്തു. അന്നുമുതൽ പൂവ് ദൈവത്തെ പ്രാർത്ഥിച്ചു തുടങ്ങി.



# കാട്ടിലെ മരങ്ങൾ

പണ്ട് പണ്ട് പുഴയുടെ അരികിൽ ഒരു ചെറിയ മരം ഉണ്ടായിരുന്നു. ആ മരത്തിൽ ധാരാളം പഴങ്ങൾ ഉണ്ടായിരുന്നു.ആ കാടിന് ചേർന്ന് ഒരു ചെറു ഗ്രാമവും ഉണ്ടായിരുന്നു. ഗ്രാമത്തിലെ മനുഷ്യർ കാട്ടിലെ മരങ്ങളെ വെട്ടി കൊണ്ടുപോകും,എന്നിട്ട് മരത്തടി വച്ച് വീട് ഉണ്ടാക്കും.അങ്ങനെ കാട്ടിലെ മരങ്ങൾ പതിയെ തീരാൻ തുടങ്ങി. അവസാനം ആ ചെറിയ മരം മാത്രമായി. ആ കാടിന്റെ അപ്പുറത്ത് മറ്റൊരു ഗ്രാമം കൂടി ഉണ്ട്. അവിടെയുള്ളവർ മരത്തൈകൾ നട്ടു വളർത്തി. അങ്ങനെ ആ ഗ്രാമം ഒരു തണലുള്ള ഗ്രാമമായി മാറി. അങ്ങനെ മരങ്ങളിൽ കിളികൾ കൂട് കൂട്ടാനും തുടങ്ങി. മരുഭൂമിയായ സ്ഥലം ഇപ്പോൾ പച്ചപ്പ് പിടിച്ച സ്ഥലം ആയി മാറി.





RITHI
5 E

# കൃഷ്ണവർണ്ണന

കൃഷ്ണന്റെ ചേതസിൽ തഞ്ചും ആ ചുണ്ടിലായി കൃഷ്ണജലാ
ജലകാന്തികളോ ഓടക്കുഴൽ വിളി നാദമാണ് ഉണ്ണിയെ
ചേതസിലായി ജ്വലിക്കുന്നതേ...

കൃഷ്ണന്റെ കണ്ണിലെ രണ്ടു മിഴിപ്പൂക്കൾ
എന്നും വിടരുന്ന സൂര്യകാന്തി കൈയിൽ നിറയുന്ന വെൺ
മനോഹാരിത ചേതസിലായി നിറയുന്നതേ...

കൃഷ്ണൻ കുചേലങ്ങളായി നിറയുന്ന സൗഹൃദമിന്നെന്റെ
സത്യഗീതാ... കൃഷ്ണന്റെ തഞ്ചും ആ ചേതസിൽ നിന്റെ
പ്രപഞ്ചം നിറയുന്ന കാവ്യഭംഗി...





DEVIKA
10 E

# ജനനി

പുരുഷ മേധാവിത്വത്തിനു
പകരക്കാരിയായവൾ.. ഏഴഴകിനു
നിറമൊരു വർണ്ണം മാത്രമെന്ന്
കരുതിയവർ.. കഴുത്തിൽ പൂമാല
ചാർത്താൻ അനുവദിക്കാത്ത പുസ്തകം
മാറോട് ചേർത്തവൾ.

വസ്ത്രധാരണം കൊണ്ട് കുലസ്ത്രീ പട്ടം
ഭേദിച്ചവൾ, കാഴ്ചക്കാരുടെ ചിന്താ
വിചാരങ്ങളെ ഭാരമായി
കൊണ്ടുനടക്കാത്തവൾ..

തനിക്ക് താൻ തന്നെ തുണ എന്ന്
തീരുമാനിച്ചവൾ, മികച്ച ഭാര്യക്കും
അമ്മയ്ക്കുമപ്പുറം തികഞ്ഞ
വ്യക്തിയാകാൻ പരിശ്രമിക്കുന്നവൾ..
അവൾ ആകുന്ന നാളയിലെ സ്ത്രീ...



ALMITHA SUJITH
10 F

# LITTLE ME



As I get older, I miss the little me.. Wild, free, cheerful Just like a Butterfly..

Once the little girl twisting in the garden, now the same girl fighting the taste of life..

Time flies so fast like tide.. Time waits for none the once, little girl is getting older..

As I get older, more tears falling.. But realising and accepting I miss the little me..



NIRANJANA S
9 D

# പുഴയുടെ മനസ്സ്

ഓ പുഴയേ നിന്നെ കാണാൻ
തുട്ടിക്കുന്നുവോ എന്റെ ഹൃദയം നിന്നെ
കാണാതെ മിടിക്കുന്നുവോ

നിൻ മീനുകളെ തഴുകി ഞാൻ ഉറങ്ങി നിൽ
താമര പൂക്കളെ ഓർത്തു ഞാൻ മങ്ങി
ചെറു ചൂണ്ടിൽ ഒരു മുത്തം തരാതെ ഞാൻ
മടങ്ങി രാവിന്നെ പങ്കലാക്കി ഞാൻ
മയങ്ങി നിൽ ഓർമ്മകൾ ഓർത്തു ഞാൻ
വിങ്ങി........

ഓ ഓ പുഴയെ ഈ നിമിഷം നിന്നെ
ഓർത്തു ഞാൻ കലങ്ങി



ABEL SAMUEL
7 B

# ഓർമ്മകൾ നശിക്കില്ല

ഒരു കണ്ണകലെ ചില ഓർമ്മകളെ
ഉപേക്ഷിക്കേണ്ടി വരുന്നു..ഹൃദയം
നുറുങ്ങുന്ന വേദനയോടെ,
നിസ്സഹായതയോടെ എന്നിലെ ശ്വാസത്തെ
ആവഹിച്ച നീണ്ട നെടുവീർപ്പോടെ...അതും
കാലത്തിന്റെ അനിവാര്യതയാണ്.

വേദനകൾ ചേർത്തൊരു ചാലുണ്ടാക്കാം,
ഇണക്കവും പിണക്കവും കോർത്തൊരു
നീരുറവയാക്കാം. കാമനകളെ സ്വർണ്ണ
മീനുകളാക്കാം..അങ്ങനെ
ഇരുവഴിയായൊഴുകാം.. ഒരിക്കലും
കണ്ടുമുട്ടാത്ത അകലങ്ങളിലേക്ക്...



AKSHARA VINEESH
9 D



# DRAWING





**LIBHA**
**5 D**





**ALONA ANISH**
**5 D**




SREYA SURESH
9D





ANJANA S
9D



HARIPRIYA
5 C



NAKSHATRA
9C



ASWANTH S NAIR
9C





AISWARYA A NAIR
9 D




Sreedevi Priya.K V.C

SREEDEVI PRIYA K
5 C




SREEDEVI PRIYA K
5 C



DEVU S KUMAR
9 C



CHINNU
9 A



ADARSH S L
5 B



# KEY BENIFITS



**2023 ആഗസ്ററ് 15 ന് പത്തനംതിട്ടയിൽ നടന്ന സ്വാതന്ത്ര്യദിന പരേഡിൽ നേതാജി ഹൈസ്കൂളിലെ ഗൈഡ്സ് വിഭാഗം ഒന്നാം സ്ഥാനം കരസ്ഥമാക്കി. ട്രോഫി ബഹു: ധനകാര്യ വകുപ്പുമന്ത്രി ശ്രീ കെ എൻ ബാലഗോപാലിൽ നിന്നും ലീഡർ കുമാരി അഗജ ഏറ്റുവാങ്ങി.**




**2023 ൽ നടന്ന USS പരീക്ഷയിൽ നേതാജിയിലെ കുട്ടികൾ ഉന്നത വിജയം നേടി. Pranav Binu (8A) Gifted child ആയി തെരഞ്ഞെടുക്കപ്പെട്ടു. Navami Ajay (8D), Devajith R( 8A ) എന്നിവർ ഉന്നത വിജയം നേടി.**



**വന്യജീവി വാരാഘോഷവുമായി ബന്ധപ്പെട്ട് കേരള സർക്കാരിന്റെ വനം വന്യജീവി വകുപ്പ് കോഴിക്കോട് സംഘടിപ്പിച്ച സംസ്ഥാന തല ക്വിസ് മത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ നേതാജിയുടെ എ. ജി. മഹേശ്വറും മിശാൽ സുൽഫിയും മുൻ മന്ത്രിയും MLA യുമായ ശ്രീ. ടി. പി. രാമകൃഷ്ണനിൽ നിന്ന് സമ്മാനം ഏറ്റു വാങ്ങി.**



**2023 ലെ മികച്ച കുട്ടി കർഷകനുള്ള അവാർഡ് നേതാജി ഹൈസ്കൂളിലെ അഭിമന്യു അജയ് (Std 6E) കരസ്ഥമാക്കി.**





കോന്നി സബ്ബ് ജില്ലാ ഗയിംസ് ജൂനിയർ
വോളിബോൾ ചാമ്പ്യൻഷിപ്പിൽ
പെൺകുട്ടികളുടെയും
ആൺകുട്ടികളുടെയും വിഭാഗത്തിൽ
വിജയികളായി അടുത്ത തലത്തിലേക്ക്
സെലക്ഷൻ കിട്ടിയ നേതാജി ഹയർ
സെക്കൻഡറി സ്കൂൾ ടീം.



**സംസ്ഥാന സ്കൂൾ കായിക മേളയിൽ ഹോക്കിയിൽ ജൂനിയർ വിഭാഗത്തിലും സബ്ബ് വിഭാഗത്തിലും സെലക്ഷൻ കിട്ടിയ നേതാജി ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികൾ. വൈഷ്ണവി വി. 10 D, അയന അജേഷ് 7 C.**




ഹൈസ്കൂൾ വിഭാഗം ജില്ലാതല IT ക്വിസ് കോമ്പറ്റിഷനിൽ ഒന്നാം സ്ഥാനവും, ഖാദി ബോർഡ് ജില്ലാ തല ക്വിസ് മത്സരത്തിൽ രണ്ടാം സ്ഥാനവും നേടിയ നേതാജി ഹയർ സെക്കന്ററി സ്കൂളിലെ 'എ ജി മഹേശ്വറും' ഖാദി ബോർഡ് ക്വിസ് മത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ 'അഭിഷേക് പി നായരും'. സംസ്ഥാന തലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.




**മാതൃഭൂമിയും ഫെയർ ഫ്യൂച്ചർ ഓവർസീസ് എജ്യുക്കേഷൻ കൺസൾട്ടൻസിയും സംയുക്തമായി നടത്തിയ ജില്ലാ തലത്തിൽ'Yes Quiz Me ' പ്രോഗ്രാമിൽ സെമിഫൈനലിൽ എത്തിയ നേതാജിയിലെ കുട്ടികൾ അനുപമ അനിലും (std 10F) അഭിഷേക് പി നായരും (std 9E).**




**സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കുന്ന നേതാജിയുടെ ശിവകീർത്തന എം, അനുപമ അനിൽ, ദേവു എസ് കുമാർ,കൃഷപ്രിയ, വൈഷ്ണവി എസ് നായർ,രേവതി എസ്, അവന്തിക സജി, അഞ്ജിത ദിപു, നിയ നിതീഷ്.എൻ**



## ചലോ കൊൽക്കൊത്ത...

നേതാജിയുടെ നാട്ടിലേക്ക് പ്രമാടം നേതാജി ഹയർ സെക്കൻഡറി സ്കൂൾ...

നെടുമ്പാശേരിയിൽ നിന്ന് കൊൽക്കൊത്തയിലേക്കുള്ള വിമാന യാത്രയും വിദ്യാർഥികൾക്ക് പുതിയ അനുഭവമായി.വിദ്യാർഥികളും അധ്യാപകരുമായി ഗവർണർ സി.വി.ആനന്ദബോസ് കൂടിക്കാഴ്ച നടത്തുന്നുമുണ്ട്. ആദിത്യ ടി. കൃഷ്ണ, അഭിമന്യു ടി. കൃഷ്ണ, എ.ജി. മഹേശ്വർ, ആദിശങ്കർ.എം.പി, അർമിത.എ, ആര്യദേവ്.എ, എ.ആദിത്യ ദേവ്, ഏബൽ റെനി, അഗജ അമ്മാൾ, എം.ദേവി നന്ദന എന്നീ വിദ്യാർഥികളാണ് യാത്രയിൽ പങ്കെടുക്കുന്നത്....




**ജില്ലാ IT മേളയിൽ ഒന്നാം സ്ഥാനത്തോടെ നേതാജി**

**AG MAHESWAR - IT QUIZ**
**ABEL RENI - WEB PAGE DESIGNING**
**BISHON BINIL - WEB PAGE DESIGNING ( HSS )**
**DEVINANDANA M - MALAYALAM TYPING**




**തുടർച്ചയായി 20-ാംവർഷവും ഓവറോൾ നേടി ജില്ലയിലെ ഏറ്റവും മികച്ച സയൻസ് സ്കൂളായി തിരഞ്ഞെടുക്കപ്പെട്ട് നേതാജി. വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും അഭിനന്ദനങ്ങൾ!!**








**കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ**
**രണ്ടാമത്തേതും ദക്ഷിണ കേരളത്തിൽ**
**ആദ്യത്തേതുമായ വിർച്വൽ റിയാലിറ്റി ലാബ്**
**നേതാജി ഹയർ സെക്കൻഡറി സ്കൂളിൽ**




കേരളത്തിലെ പൊതുവിദ്യാലയങ്ങളെ വിലയിരുത്താൻ സംസ്ഥാന സർക്കാർ സംഘടിപ്പിച്ച ഹരിത വിദ്യാലയം റിയാലിറ്റി ഷോയിൽ തെരഞ്ഞെടുക്കപ്പെട്ട കേരളത്തിലെ മികച്ച സ്കൂളുകളിൽ നേതാജിയും..




**SUCCESSFULLY COMPLETED EK BHARAT SHRESTHA BHARAT - 1 , KERALA**

# “ വജ്രം 2024 “

# നന്ദി

A LITTLE KITES INITIATIVE

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

little KITEs